LIBRARY ARCHIVES Kerala Legislative Assembly

ഭാരതീയ ചികിത്സാ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല.

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച്

261 (3289) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ 5 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ, 3 ഒഴിവുകൾ കൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻ.ടി.കേഡറിൽ ഒഴിവു വരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻ.ടി.കേഡറിൽ ഒഴിവുവരാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) എങ്കിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

'എന്റെ കൂട്' പദ്ധതി

262 (3290) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യഭക്ഷണവും താമസസൗകര്യവും നൽകുന്ന 'എന്റെ കൂട്' പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യ ഭക്ഷണവും താമസ സൗകര്യവും നല്കുന്ന ' എന്റെ കൂട് പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട നിയന്ത്രണമുള്ളതിനാൽ നിലവിൽ താമസ സൗകര്യം മാത്രമാണ് നല്കുന്നത്. ഭക്ഷണം നല്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി ഇല്ലാത്ത ജില്ലകളിൽകൂടി ഇത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എറണാകുളം ജില്ലയിൽ 'എന്റെ കൂട് സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ ജില്ലകളിൽ 'എന്റെ കൂട് സ്ഥാപനം ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നടപടി

263 (3291) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശുക്ഷേമ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

അതിക്രമങ്ങൾക്കിരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വനിത-ശിശു വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.